9678
3/8/15

നം. 12546/എൽ1/14/സാനീവ

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി - അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി ഭേദഗതി ചെയ്ത് ഒരു ലക്ഷം രൂപയായി ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (എം.എസ്)നം. 52/2014/സാനീവ തീയതി, തിരുവനന്തപുരം,20.06.2014

---

പരാമർശം:- (1) 20.7.2013ലെ സ.ഉ(എം.എസ്)നം 59/2013/സാനീവ
(2) 4.11.2013ലെ സ.ഉ(എം.എസ്)നം 93/2013/സാനീവ

## ഉത്തരവ്

സാമൂഹ്യനീതിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ മൂന്ന് ലക്ഷം രൂപയായി ഉയർത്തി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേന്ദ്ര സർക്കാർ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ അർഹതയ്ക്കുള്ള പ്രായം 65-ൽ നിന്ന് 60 വയസായി കുറച്ചതിനെ തുടർന്ന് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസായി കുറച്ച് പരാമർശം 2 പ്രകാരം ഉത്തരവായി.

സാമൂഹ്യ സുരക്ഷ പെൻഷൻ അർഹതയ്ക്കുള്ള വാർഷികവരുമാന പരിധി, പ്രായപരിധി എന്നീ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റത്തെ തുടർന്ന് പെൻഷൻ അപേക്ഷകരുടെ എണ്ണത്തിൽ ക്രമതീതമായ വർധനയുണ്ടായി. വാർഷിക വരുമാനം 3 ലക്ഷം രൂപയായി ഉയർത്തുമ്പോൾ കാർഷിക/വ്യവസായ/പ്രവാസി മേഖലയിലും വരുമാനം കൃത്യമായി നിർണ്ണയിക്കാൻ കഴിയാത്ത ഇതര മേഖലയിൽപ്പെട്ടവരുടെയും കുടുംബാംഗങ്ങളിൽ നിന്നുള്ള അപേക്ഷയിൽ മേൽ വരുമാനം എങ്ങനെ തീരുമാനിക്കുമെന്നതു സംബന്ധിച്ച് നിരവധി ചോദ്യങ്ങളും സംശയങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എ.പി.എൽ/ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്ന വ്യാപകമായ ആക്ഷേപങ്ങളും പരാതികളും പരിഗണിച്ചും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും സമൂഹത്തിൽ ദരിദ്രരും അവശരും നിരാലംബരും നിരാശ്രയരുമായ വിഭാഗത്തിനായി രൂപീകരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതിയുടെ മാനദണ്ഡം പുനർനിർണ്ണയിച്ചുകൊണ്ടുള്ള 20.07.13ലെ സ.ഉ.(എം.എസ്) നം.59/13/സാനീവ ഭേദഗതി ചെയ്ത് താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

(i) സംസ്ഥാനത്തു സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗപെൻഷൻ, 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഏകീകരിച്ച് ഉത്തരവാകുന്നു.

(ii) മറ്റു തരത്തിലുള്ള പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപ എന്ന വരുമാനപരിധിയ്ക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണ്.

(iii) ടി ഉത്തരവിന് 1.4.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(iv) 1.4.2014 മുതൽ പ്രാബല്യം നൽകുമ്പോൾ, 20.7.2013ലെ ഉത്തരവനുസരിച്ച് പെൻഷൻ ലഭിച്ച വ്യക്തികളുണ്ടെങ്കിൽ, അവരിൽനിന്നും പ്രസ്തുത തുക ഈടാക്കേണ്ടതില്ല.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഡോ.കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/), കേരള, തിരുവന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുഭരണ(എസ്.സി.) വകുപ്പ് (18.6.2014 ലെ 3909 ഇനം നം.5383 പ്രകാരം)
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
തദ്ദേശശ സ്വയംഭരണ വകുപ്പ്
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
ഡയറക്ടർ, ഐ.എം.ജി., തിരുവനന്തപുരം
സ്റ്റേറ്റ് ലൈബ്രറിയൻ, പബ്ലിക് ലൈബ്രറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ പി.എസ്.-ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ